**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 217** **04-10-2021 - ൽ മറുപടിയ്ക്ക്**

**ആരോഗ്യവകുപ്പിനുകീഴിലെ 'ഐക്കോൺസ്'**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐക്കോൺസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാരിന്റെ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ദീർഘ കാലമായി ഒഴിഞ്ഞു കിടന്നിരുന്ന ഡയറക്ടർ തസ്തികയിലേയ്ക്ക് ശ്രീ. ചിത്തിരതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ടിലെ ന്യൂറോളജി വിഭാഗം തലവനും പ്രഗത്ഭനായ ന്യൂറോളജിസ്റ്റുമായ ഡോ. സഞ്ജീവ്.വി.തോമസിനെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. പുതിയതായി ഒരു സൈക്യാട്രിസ്റ്റിനെ നിയമിക്കുന്നതിനും കൂടുതൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കു ന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഷൊർണ്ണൂർ ഐക്കോൺസിൽ സ്ട്രോക്ക് ചികിത്സ നടത്തുന്നതിനായി ഒരു സ്ട്രോക്ക് വാർഡ് പ്രവർത്തന ക്ഷമമാക്കികൊണ്ടിരിക്കുകയാണ്. നിലവിൽ നടന്നു കൊണ്ടിരിക്കുന്ന BASLP കോഴ്സിനു പുറമെ ഗവേഷണ മേഖലയിൽ ഗൗരവപരമായ പല ഗവേഷണങ്ങളും പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |
| (ബി) | നിലവിൽ ഐക്കോൺസിന്റെ ഗവേണിംഗ് ബോർഡ് പുന:സംഘടിപ്പിച്ചിട്ടുണ്ടോ; ഗവേണിംഗ് ബോർഡിൽ സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ എം.എൽ.എ. യെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ; | (ബി) | ഐക്കോൺസിന്റെ ഗവേണിംഗ് ബോഡി 05.09.2019 ലെ സർക്കാർ ഉത്തരവ് നം. 2184/2019/ആ.കു.വ പ്രകാരം പുനസംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ ജനപ്രതിനിധികളായി തിരുവനന്തപുരം കോർപ്പറേഷൻ മേയറേയും, ഷൊർണ്ണൂർ മുനിസിപ്പൽ ചെയർ പേഴ്സണേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗവേണിംഗ് ബോഡിയിൽ സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ എം.എൽ.എ.യെ ഉൾപ്പെടുത്തുന്ന വിഷയം ഗവേണിംഗ് ബോഡി തലത്തിൽ തീരുമാനിക്കേണ്ടതാണ്. |
| (സി) | ഐക്കോൺസിലെ ജീവനക്കാരുടെ ശമ്പളം 11-ാം ശമ്പള കമ്മീഷന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | 10 ാംശമ്പള കമ്മീഷന്റെ അടിസ്ഥാനത്തിൽ ഐക്കോൺസിലെ ജീവനക്കാരുടെ ശമ്പളം പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു ശേഷം മാത്രമേ 11ാം ശമ്പള കമ്മീഷന്റെ അടിസ്ഥാനത്തിൽ ഐക്കോൺസിലെ ജീവനക്കാരുടെ ശമ്പളം പുനർ |

| | | | |
|---|---|---|---|
| | | | നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ